മലയാള മനോരമ

15 November 2019

# മീൻ പച്ചയ്ക്ക്; വേണമെങ്കിൽ പൊള്ളിച്ചും...

## സിഎംഎഫ്ആർഐ സംഘടിപ്പിക്കുന്ന ഭക്ഷ്യ- മത്സ്യ- കാർഷിക മേള നാളെക്കൂടി

**മനോരമ ലേഖകൻ**

കൊച്ചി ● പിടയ്ക്കുന്ന മീൻ, സ്വാദൂറുന്ന മീൻ വിഭവങ്ങൾ, കർഷക സംഘങ്ങൾ ഉൽപാദിപ്പിച്ച അനേകം കാർഷികോൽപന്നങ്ങൾ തുടങ്ങിയവ കൊണ്ടു ശ്രദ്ധേയമായ ഭക്ഷ്യ- മത്സ്യ- കാർഷിക മേളയിൽ ആദ്യ ദിവസം തന്നെ വൻ തിരക്ക്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച മേളയിൽ കർഷകർ കൃഷിയിടങ്ങളിൽ നിന്നു നേരിട്ടെത്തിച്ച കാളാഞ്ചി, തിലാപ്പിയ മത്സ്യങ്ങൾ വാങ്ങാൻ മത്സ്യപ്രേമികളുടെ പ്രവാഹമായിരുന്നു. മേളയുടെ ഭാഗമായൊരുക്കിയ ലൈവ് കിച്ചണിൽ തിലാപ്പിയ വിവിധ വിഭവങ്ങളായി ചൂടോടെ കഴിക്കാനും ആളേറെയെത്തി.

തിലാപ്പിയ കറി, പൊരിച്ചത്, പൊള്ളിച്ചത് തുടങ്ങിയവയാണ് ഇവിടെയൊരുക്കിയത്. സ്വദേശി ശാസ്ത്ര പ്രസ്ഥാനവുമായി സഹകരിച്ചു സംഘടിപ്പിക്കുന്ന പരിപാടി നാളെ സമാപിക്കും. രാവിലെ 10 മുതൽ രാത്രി 9 വരെ നടക്കുന്ന മേളയിലേക്കു പ്രവേശനം സൗജന്യം. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ മേള ഉദ്ഘാടനം ചെയ്തു. ഡോ. പി. മുരളീധരൻ ക്ലാസെടുത്തു.

ഇടനിലക്കാരെ മാറ്റി ഉൽപന്നങ്ങൾ വിപണിയിലെത്തിക്കാൻ ലക്ഷ്യമിട്ട ബയർ സെല്ലർ മീറ്റിനും മികച്ച പ്രതികരണമാണു ലഭിച്ചത്. അരി, അരി ഉൽപന്നങ്ങൾ, പയർ വർഗങ്ങൾ, വെളിച്ചെണ്ണ, മറ്റു ഭക്ഷ്യ എണ്ണകൾ, ഉണക്ക ഇറച്ചി, വാട്ടുകപ്പ, പലഹാരങ്ങൾ, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ, മൂല്യവർധിത ഉൽപന്നങ്ങൾ, ജൈവ വളം തുടങ്ങിയവയുടെ ബിസിനസ് ഇടപാടുകളാണു ബയർ സെല്ലർ മീറ്റിൽ ഉറപ്പുവരുത്തുന്നത്. ഇവ പൊതുജനങ്ങൾക്കു നേരിട്ടു വാങ്ങാനും അവസരമുണ്ട്.

### കാർഷിക ഡ്രോൺ

കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഡ്രോണിന്റെ പ്രദർശനമാണു മേളയിലെ മറ്റൊരു പ്രധാന ആകർഷണം. കീടനാശിനി തളിക്കാനും രോഗബാധ പരിശോധിക്കാനും ഈ ഡ്രോൺ കൃഷിയിടത്തിനു മുകളിൽ പറപ്പിക്കാം. ഹൈഡ്രോപോണിക് കൃഷിയന്ത്രങ്ങളും പ്രദർശനത്തിലുണ്ട്.

### ലക്ഷദ്വീപ് ഉൽപന്നങ്ങൾ

ലക്ഷദ്വീപിലെ തനത് ഉൽപന്നങ്ങൾ സ്വന്തമാക്കാൻ മേളയിൽ അവസരമുണ്ട്. ചൂരമീനിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളായ മാസ്മിൻ, ഉണക്കിയ ചൂര, അച്ചാറുകൾ തുടങ്ങിയവയ്ക്കു പുറമേ, ദ്വീപ് വെളിച്ചെണ്ണ, പലഹാരങ്ങൾ എന്നിവയും ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സ്റ്റാളിൽ ലഭ്യം.

### മായം കലരാത്തതു വാങ്ങാം

ജൈവരീതിയിൽ കൃഷി ചെയ്ത നൂറുകണക്കിനു നിത്യോപയോഗ കാർഷികോൽപന്നങ്ങൾക്കു പുറമേ, കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ മേൽനോട്ടത്തിൽ ഉൽപാദിപ്പിച്ച മായം കലരാത്തതും ഉയർന്ന ഗുണമേന്മയുള്ളതുമായ വിവിധ ഉൽപന്നങ്ങളും മേളയിലുണ്ട്.

### മനോരമയുടെ സ്റ്റാളും

മേളയിൽ മലയാള മനോരമയുടെ സ്റ്റാളും. ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ച് സ്റ്റാളിലെത്തുന്നവർക്കായി പ്രത്യേക സമ്മാന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്റ്റാളിൽനിന്നു ലഭിക്കുന്ന കൂപ്പൺ പൂരിപ്പിച്ചു നൽകുന്നവരിൽനിന്നു തിരഞ്ഞെടുക്കുന്ന 100 പേർക്ക് ഒരു വർഷത്തേക്കു കർഷകശ്രീ മാസിക സമ്മാനമായി ലഭിക്കും.




സിഎംഎഫ്ആർഐയിൽ ആരംഭിച്ച ഭക്ഷ്യ, മത്സ്യ, കാർഷിക മേളയിൽ നിന്നു മത്സ്യം വാങ്ങുന്നവർ.

അതോടൊപ്പം വിവിധ പ്രസിദ്ധീകരണങ്ങളുടെ വാർഷിക വരിക്കാരാകാനും പ്രസിദ്ധീകരണങ്ങൾ ആകർഷകമായ വിലക്കിഴിവിൽ വാങ്ങാനും സ്റ്റാളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.